# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.721 — 05/06/2018-ൽ മറുപടിക്ക്

## ലക്കിടി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

| | ചോദ്യം<br>**ശ്രീ.പി. ഉണ്ണി** | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഒറ്റപ്പാലം അസംബ്ലിമണ്ഡലത്തിലെ ലക്കിടിയിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് എന്നാണ് ഉത്തരവ് നൽകിയതെന്ന് വെളിപ്പെടുത്തുമോ; | (എ) | ഒറ്റപ്പാലം അസംബ്ളി മണ്ഡലത്തിലെ ലക്കിടിയിൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് 24.02.2016-ൽ ആണ് ഉത്തരവ് നൽകിയിട്ടുള്ളത്. സെക്ഷൻ ഓഫീസ് നിർമ്മിക്കാൻ 10 സെന്റ് സ്ഥലം സൗജന്യമായി നൽകുകയോ വാടകരഹിത കെട്ടിടം ലഭ്യമാക്കുകയോ ചെയ്താൽ സെക്ഷൻ ഓഫീസ് തുടങ്ങാം എന്ന നിബന്ധനയോടെയാണ് ഉത്തരവ് നൽകിയിട്ടുള്ളത്. |
| (ബി) | കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് തുറന്നു പ്രവർത്തിക്കുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചത് എന്ന് വിശദീകരിക്കാമോ; | (ബി) | കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് പ്രവർത്തിക്കുന്നതിന് സൗജന്യമായി സ്ഥലം അനുവദിച്ചു കിട്ടുന്നതിന് കെ.എസ്.ഇ.ബി., ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിനെ സമീപിച്ചിട്ടുണ്ട്. സ്ഥലം ഇതുവരെയും അനുവദിച്ചു കിട്ടിയിട്ടില്ല. |
| (സി) | സെക്ഷൻ ഓഫീസ് പ്രവർത്തനം എന്ന് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | (സി) | ബോർഡ് ചെലവിൽ കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുകയോ അല്ലെങ്കിൽ വാടകരഹിത കെട്ടിടം ലഭിക്കുകയോ ചെയ്യുന്ന മുറയ്ക്ക് സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാനാണ് ബോർഡിന്റെ തീരുമാനം. മേൽ സൂചിപ്പിച്ചത് പ്രകാരം വാടക രഹിത കെട്ടിടമോ സ്ഥലമോ ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ ലക്കിടി കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ